LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം മണ്ഡലത്തിലെ മൊറയൂർ ഐ.ടി.ഐ.

203 (5006) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിൽ പുതുതായി അനുവദിച്ച മൊറയൂർ ഐ.ടി.ഐ. സംബന്ധിച്ച തുടർനടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഐ.ടി.ഐ. എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) ഈ വിഷയത്തിൽ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തുകയും ടിയാൻ ഇടക്കാല റിപ്പോർട്ട് ട്രെയിനിംഗ് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഐ.ടി.ഐ. തുടങ്ങുന്നതിന് താൽക്കാലിക സൗകര്യം ഒരുക്കണമെന്നും ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ പിന്നീട് പരിഗണിക്കാമെന്നുമാണ് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുള്ളത്. പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തി, ആയത് എത്രയും വേഗം വകുപ്പിന് ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കാൻ അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓൺലൈൻ ഐ.ടി.ഐ. പ്രവേശനം

204 (5007) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഐ.റ്റി.ഐ. പ്രവേശനം ഓൺലൈൻ ആക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പ് സോഫ്റ്റ് വെയർ രൂപപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും എന്നാണ് ഈ സോഫ്റ്റ്വെയർ വാങ്ങിയതെന്നും എന്നു മുതൽ ഇത് ഉപയോഗിച്ചു തുടങ്ങിയെന്നും ഇപ്പോൾ ഇത് നിലവിലുണ്ടോ യെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഐ.ടി.ഐ. പ്രവേശനം ഓൺ ലൈൻ ആക്കുന്നതിനായി മെസ്സേഴ്സ് കെൽട്രോൺ മുഖാന്തരം സോഫ്റ്റ്വെയർ തുപപ്പെടുത്തുന്നതിനുള്ള നടപടികൾ വ്യാവസായിക പരിശീലന വകുപ്പ് ആരംഭിച്ചിട്ടുണ്ട്. 2013 ഏപ്രിൽ മാസം ഇതിനുള്ള സോഫ്റ്റ്വെയർ ലൈസൻസ് വാങ്ങുകയും ആയത് കസ്റ്റമൈസ് ചെയ്യുന്നതിനുള്ള നടപടികൾ കെൽട്രോൺ ഉടങ്ങുകയും ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി മെസേഴ്സ് കെൽട്രോണുമായി 1,39,77,458 തുപയ്ക്കാണ് കരാറിൽ ഏർപ്പെട്ടിരുന്നതെങ്കിലും 1,26,07,518 തുപയാണ് വ്യാവസായിക പരിശീലന വകുപ്പ് മെസ്സേഴ്സ് കെൽട്രോണിന് നൽകിയിട്ടുള്ളത്. 2015-ലെ അഡ്മിഷൻ മുതൽ ഈ സോഫ്റ്റ്വെയർ പ്രാവർത്തികമാക്കാനുള്ള നടപടികൾ ടെയിനിംഗ് ഡയറക്ടർ സ്വീകരിച്ചിരുന്നു. എന്നാൽ ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് & ടെയിനിംഗ് (ഡി.ജി.ഇ.റ്റി.) രാജ്യമൊട്ടാകെ അവർ തയ്യാറാക്കിയിട്ടുള്ള എം.ഐ.എസ്. സോഫ്റ്റ്വെയറിലൂടെ പരിശീലനാർത്ഥികളുടെ പ്രവേശന നടപടികൾ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം, എം.ഐ.എസ്. സോഫ്റ്റ്വെയറിൽ ഐ.ടി.ഐ. പരിശീലനാർത്ഥികളുടെ വിവരങ്ങൾ നൽകുന്നതോടൊപ്പം തന്നെ വ്യാവസായിക പരിശീലന വകുപ്പ് തയ്യാർ ചെയ്തിട്ടുള്ള സോഫ്റ്റ്വെയറിലും പരിശീലനാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് ടെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

കൊയിലാണ്ടി ഗവ. ഐ.ടി.ഐ.

205 (5008) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി ഗവ. ഐ.ടി.ഐ. വികസനവുമായി ബന്ധപ്പെട്ട് ഇതുവരെ ലഭിച്ച നിവേദനങ്ങൾ എത്ര ; ആരിൽ നിന്നെല്ലാം ; വിശദമാക്കാമോ ;

(ബി) ഗവ. ഐ.ടി.ഐ. അപ്ഗ്രേഡ് ചെയ്ത് കൂടുതൽ കോഴ്സുകളും സംവിധാനങ്ങളും അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ?

ഉത്തരം

(എ) കൊയിലാണ്ടി ഗവ. ഐ.ടി.ഐ.യുടെ വികസനവുമായി ബന്ധപ്പെട്ട് ഗവ. ഐ.ടി.ഐ. കൊയിലാണ്ടി വികസന കമ്മിറ്റി ചെയർമാൻ ശ്രീ. യു.കെ.ഡി. അടിയോടിയിൽനിന്നും ബഹു. കൊയിലാണ്ടി എം.എൽ.എ. ശ്രീ. കെ. ദാസൻ